മുന്നണിപട

നമ്പർ 1 നവമ്പർ 1992

നവമ്പർ 1:
മലയാളി ദേശീയ താല്പര്യ സംരക്ഷണദിനം

നവമ്പർ 1, 1956-ൽ ആണ് ഐക്യകേരളം രൂപംകൊണ്ടത്. തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് മലബാർ, ഫ്രഞ്ച് മാഹി എന്നീ തുണ്ടുകളായി വിഭജിക്കപ്പെട്ടിരുന്ന മലയാളികൾ ഏകീകൃതമായ ഒരു ഭൂപ്രദേശമായി തങ്ങളുടെ മാതൃഭൂമിയെ മാററിയെടുക്കുന്നതിൽ ഒരു വലിയ പരിധിയോളം അന്നു വിജയിച്ചു. കേരളം പിന്നിട്ട മുപ്പത്തിയാറ് വർഷങ്ങൾ ഒരു ജനതയുടെ ചരിത്രത്തിൽ, വളരുന്ന ഒരു രാഷ്ട്രത്തിന്റെ ചരിത്രത്തിൽ തീർത്തും ഹ്രസ്വമായ കാലയളവാണ്. എങ്കിലും നമ്മളെ സംബന്ധിച്ചിടത്തോളം അവ നിർണ്ണായകവുമായിരുന്നു. ഐക്യജനാധിപത്യ കേരള സ്വപ്നങ്ങൾ ഇന്ത്യൻ തടവറയിൽ പുത്തൻ സാമ്രാജ്യത്വനയത്തിൻ കീഴിൽ പൊലിഞ്ഞുപോയ വർഷങ്ങൾ. അഖണ്ഡഭാരതത്തിന്റെ താല്പര്യത്തിനുവേണ്ടി സ്വന്തം ദേശീയതയും ഭാഷയും സംസ്ക്കാരവും സാമ്പത്തിക സ്വാശ്രിതത്വവും കൈയ്യൊഴിഞ്ഞ് പൊള്ളയായ ഒരു സാമൂഹ്യഘടനയുടെ ക്ഷണികമായ നേട്ടങ്ങളിൽ അഭിമാനിച്ച് ഇരുട്ടിൽ തപ്പിതടഞ്ഞ വർഷങ്ങൾ. ആ ഇരുട്ട് ഇന്ന് അകന്നുതുടങ്ങിയിരിക്കുന്നുവെന്നതാണ് പ്രതീക്ഷയ്ക്കു വക നല്കുന്നത്.

കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിന്റെ ദേശീയ മോചനത്തിന് പ്രചരണ-സമര പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾ ഇതിൽ ശ്രദ്ധേയമായ ഒരു പങ്ക് വഹിച്ചിരുന്നു. എന്നാൽ അതിലേറെ പണിയെടുത്തത് മലയാളികളുടെ പല മിഥ്യാബോധങ്ങളെയും പാടെ തകർത്തുകളഞ്ഞ സംഭവവികാസങ്ങളാണ്. കടക്കൂമ്പാരത്തിനുമേൽകയറി മററാരോ നട്ട നെല്ലും മററാരോ പണിത ഉല്പന്നങ്ങളും കാത്ത് ഇരുന്ന മലയാളിയെ, ഇതെല്ലാം വാങ്ങാനായി സ്വന്തം അദ്ധ്വാനശേഷിയും വിഭവങ്ങളും ഉല്പന്നങ്ങളും വിദേശത്തേക്ക് കയററുമതി ചെയ്യുന്നതുമാത്രമാണ് ജീവിത ദൗത്യമെന്ന് പഠിപ്പിക്കപ്പെട്ടിരുന്ന മലയാളിയെ, സാമ്രാജ്യത്വ ശക്തികളുടെ തീവ്രമാകുന്ന ചൂഷണവും അഖിലേന്ത്യാ സംസ്ഥാന സർക്കാരുകളുടെ നഗ്നമായ സാമ്രാജ്യത്വ സേവയും വല്ലാതെ ഉലച്ചിട്ടുണ്ട്. അഞ്ചുവർഷം മുമ്പ് അന്നദാതാവായി അറിയപ്പെട്ടിരുന്ന ഐ. എം. എഫ്-ലോകബാങ്ക് സംഘം ശാപവാക്കായി മാറിയത് എത്രപെട്ടെന്നാണ്! ജീവിത സൗകര്യങ്ങളിൽ മറെറല്ലാ മൂന്നാംലോക രാജ്യങ്ങൾക്കും മാതൃകയാണെന്ന് അഭിമാനിച്ചിരുന്നവർ പ്രാഥമിക ഭക്ഷണാവശ്യങ്ങൾക്ക് ഇനി വഴിയെന്തെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. സ്ഥിരമായ ഒരു തൊഴിൽ കിട്ടിയതോടെ ജീവിതം ഭദ്രമായി എന്ന് ധരിച്ച്, സ്വന്തം മക്കളെ പരിഷ്കൃത ലോകത്തിനുചേർന്ന പരിഷ്കൃത പൗരൻമാരാക്കാൻ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ അയച്ച് ഉപഭോഗ സംസ്ക്കാരത്തിൽ മതിമറന്നിരുന്നവർ നിമിഷങ്ങൾ കൊണ്ട് തൊഴിലില്ലായ്മയുടെ അണികളിലേക്ക് താഴ്ത്തപ്പെടുന്നു. ഇനി പൂന്താനത്തിനൊരു പുനർജ്ജന്മവും കൂടി ഉണ്ടായാൽ മതി, ഐ. എം. എഫ്. ഭഗവാന്റെ ശക്തി പ്രകീർത്തിക്കാൻ.

കാലം ഒരുക്കിവച്ച ഈ ഞെട്ടൽ കുറെ പുതിയ ചിന്തകൾക്കും ജന്മം നല്കിയിട്ടുണ്ട്. അഖണ്ഡ ഭാരതത്തിൽ മലയാളീതാല്പര്യം ഉച്ചരിക്കുന്നതുതന്നെ മന്ത്രിസ്ഥാനം നഷ്ടപ്പെടുത്തിയിരുന്ന ഈദേശത്ത്, സ്വാശ്രിത കേരളവും ഭാഷാ സംരക്ഷണവും ഇന്നല്പം മാന്യത നേടിയിട്ടുണ്ട്. മുതലാളിത്ത പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവർതന്നെ കാലത്തിനൊത്ത് അഖണ്ഡതയെ കുറഞ്ഞതോതിലെങ്കിലും ഖണ്ഡിക്കാൻ നിർബന്ധിതരായിരിക്കുന്നു. ഇതും ഇരുട്ട് അകന്നുപോകുന്നതിന്റെ ഒരു ലക്ഷണം തന്നെയാണ്, സ്വാഗതാർഹമായ ഒരു പ്രവണതയാണ്. പക്ഷെ, പഴയപോലെ അവ്യക്തമായ ആശയങ്ങളിൽ, ശത്രു ആരെന്ന് തിരിച്ചറിയാത്ത ആക്രമണങ്ങളിൽ നമ്മുടെ ആവശ്യങ്ങൾ എന്തെന്ന് വ്യക്തമായി തിരിച്ചറിയാത്ത മുന്നേററങ്ങളിൽ ഇനി ഏർപ്പെട്ടിട്ടു കാര്യമില്ല. മലയാളികളുടെ ദേശീയ താല്പര്യം കൃത്യമായി നിർവഹിച്ചുകൊണ്ട്, ആ താല്പര്യ സംരക്ഷണത്തിന് ആരാണ് മിത്രം, ആര് ശത്രു എന്ന് തിരിച്ചറിഞ്ഞുകൊണ്ടു മാത്രമേ ഇനിയുള്ള കാലത്ത് ഈ ജനതയ്ക്ക് വളരാൻ കഴിയൂ.

ശേഷം 5-ാം പേജിൽ

മട്ടാഞ്ചേരി: വർഗ്ഗീയത തീവ്രമാക്കുന്ന ഭരണകൂടം

വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകുമ്പോൾ ഉടനെ തന്നെ നിരോധനാജ്ഞ പുറപ്പെടുവിച്ച് ആ പ്രദേശമാകെ പോലീസിനെ ഏല്പിച്ച് കൊടുക്കുന്നത് കേരളത്തിൽ ഇപ്പോൾ പതിവായിരിക്കുന്നു. ഈ ഏർപ്പാടിൽ എല്ലാ വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളും സഹകരിക്കുന്നുണ്ട്. നിഷ്പക്ഷമായ ക്രമസമാധാന പാലനത്തിലൂടെ വളരെ പെട്ടെന്നുതന്നെ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയുമെന്നാണ് ഇതിനു നല്കുന്ന ന്യായീകരണം. അനുഭവം മറ്റൊന്നാണ് കാണിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി മുന്നേറുന്ന അക്രമാസക്തമായ സവർണ്ണ ഫാസിസത്തെ ചെറുക്കാൻ ഭരണകൂടവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രാപ്തരല്ലെന്നു തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ മതന്യൂനപക്ഷങ്ങൾക്കിടയിൽ (പ്രത്യേകിച്ചും മുസ്ലീങ്ങൾക്കിടയിൽ) വളർന്നുവരുന്ന ഒറ്റപ്പെടലും മതാധിഷ്ഠിതമായി സ്വയം ചെറുത്തുനിൽക്കാനുള്ള സന്നദ്ധതയും കേരള പോലീസിന്റെ ക്രമസമാധാന പാലനം ബലപ്പെടുത്തിയിട്ടേ ഉള്ളൂ. പാലക്കാടും പൂന്തുറയും അടിവരയിട്ട് തെളിയിച്ച ഈ അനുഭവം തന്നെയാണ് മട്ടാഞ്ചേരിയും നല്കിയത്.

പോലീസ് വ്യാഖ്യാനത്തിൽ ഒരു ആർ.എസ്സ്.എസ്സ്. പ്രവർത്തകന്റെ കൊലപാതകമാണ് മട്ടാഞ്ചേരിയിലെ സംഘട്ടനങ്ങൾക്ക് തിരികൊളുത്തിയത് ഒക്ടോബർ 5-ാം തീയതി വടിവാളും വീശി ആർ.എസ്സ്.എസ്സ്.കാർ നടത്തിയ സായുധ പ്രകടനവും അത് ഉയർത്തിയ പ്രകോപനപരമായ മുദ്രാവാക്യങ്ങളും അവർക്ക് ഒരു വിശേഷമല്ല. പൂന്തുറ സംഘട്ടനങ്ങളുടെ പശ്ചാത്തലവും ഇതേപോലെ ഒരുക്കിയിരുന്നു. തങ്ങളുടെ പ്രവർത്തകനെ കൊലപ്പെടുത്തിയതിനുള്ള ആർ. എസ്സ്. എസ്സ്. പ്രതികരണം അതിലെ കടന്നുപോയ മുസ്ലീം തൊഴിലാളികൾക്കുനേരെയുള്ള വ്യാപകമായ ആക്രമണമായിരുന്നു. പേര് ചോദിച്ചും ചില സന്ദർഭങ്ങളിൽ തുണി ഉരിച്ചുമാണ് ഇരയെ കണ്ടെത്തിയത്. ഈ വാർത്ത പരന്നതോടെ മട്ടാഞ്ചേരിയിലെ ചില പ്രദേശങ്ങളിൽ മുസ്ലീം യുവാക്കളും ഇതേ നാണയത്തിൽ ഹിന്ദുക്കളെ തിരഞ്ഞ് ആക്രമിക്കാൻ തുടങ്ങി. സവർണ്ണഫാസിസ്റ്റുകളെ ഒറ്റപ്പെടുത്തുന്നതിനു പകരം അവർക്ക് അനുയോജ്യമായ രീതിയിൽ ഹിന്ദു-മുസ്ലീം വിഭജനം ശക്തിപ്പെടുത്താനെ ഈ ആക്രമണങ്ങൾ സഹായിച്ചിട്ടുള്ളു. ആ വിഭജനം ന്യായമാണെന്ന് മുസ്ലീങ്ങളെ ഉറപ്പിച്ചുവിശ്വസിപ്പിക്കാനാണ് പിന്നെ പോലീസും സ്പെഷ്യൽ ടാസ്ക്ഫോർസും പ്രവർത്തിച്ചത്. ആർ.ഡി.ഒ.യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന രാഷ്ട്രീയ പാർട്ടികൾ ഇതിനെ അനുകൂലിച്ച് നിശബ്ദത പാലിച്ചപ്പോൾ സ്വന്തം വീട്ടിൽ സ്വസ്ഥമായി ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി ഒട്ടേറെ മുസ്ലീം സ്ത്രീകൾക്ക് തെരുവിലിറങ്ങി കമ്മീഷണർ ബഹറെയെ തടഞ്ഞുനിർത്തേണ്ടിവന്നു. പോലീസിന്റെ വർഗ്ഗീയ പക്ഷപാതിത്വത്തിൽ പ്രതിഷേധിച്ച് ഐ.എസ്സ്.എസ്സ്. പ്രവർത്തകർ സ്റ്റേഷനിലേക്ക് മാർച്ചു് ചെയ്തു.

നിരോധനാജ്ഞയുടെ മറവിൽ ഒട്ടുംതന്നെ വിവേചനമില്ലാതെ കൂട്ടത്തോടെ മുസ്ലീം യുവാക്കളെയും കുട്ടികളെപ്പോലും അറസ്റ്റ് ചെയ്ത് പോലീസ്, പോലീസിനെ എതിർക്കുന്നതിൽ ഈ പ്രദേശത്തെ യുവാക്കൾ എന്നും പ്രകടിപ്പിച്ചിട്ടുള്ള സമരോത്സുകതയ്ക്ക് പകരം വീട്ടാനും ശ്രമിക്കുകയായിരുന്നു. പഴയപോലെ അനുസരിക്കാൻ വിസമ്മതിക്കുന്ന ഈ ചെറുപ്പക്കാരെ ഒരു പാഠം പഠിപ്പിക്കണമെന്ന് വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടി നേതൃത്വങ്ങൾക്കും താല്പര്യമുണ്ടായിരുന്നു. ഇതിനിടയിൽ കോൺഗ്രസ്സിലെ ഗ്രൂപ്പു വഴക്കും പോലീസ് നടപടികളെ സ്വാധീനിച്ചിട്ടുണ്ട്. ആർ. എസ്സ്. എസ്സ് പ്രവർത്തകന്റെ .കൊലപാതകത്തിൽ ഒരു കാരണത്താലും പങ്കാളിയല്ലെന്ന് സ്പഷ്ടമായി മനസ്സിലാക്കാൻ കഴിയുന്ന ഒരു മുസ്ലീം ചെറുപ്പക്കാരൻ പ്രതിയായി മാറിയതിന് ഒരു വിശദീകരണമേയുള്ളു-അയാൾ 'തിരുത്തൽ വാദി'കളുമായി സഹകരിക്കുന്നു. ചുരുക്കത്തിൽ വർഗ്ഗീയമായി, സവർണ്ണ പക്ഷപാതിത്വത്തോടെ പ്രവർത്തിക്കുന്ന കേരള പോലീസിനേയോ മറ്റേതെങ്കിലും ഭരണകൂട ഉപകരണത്തേയോ ആശ്രയിക്കുന്നതിലൂടെ വർഗ്ഗീയ വിഭജനങ്ങൾ ഒന്നുകൂടി തീവ്രമാവുകയേയുള്ളു.

വിലക്കയറ്റത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരെ

'വിലക്കയറ്റത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരെ', 'സാമ്രാജ്യത്വങ്ങൾക്കുവേണ്ടി മലയാളികളെ ഒറ്റുകൊടുക്കുന്ന സവർണ്ണ-ദല്ലാൾ ഭരണകൂടത്തിനെതിരെ' മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് എറണാകുളം, ഇടുക്കി ജില്ലകളിലെ കേരള കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ ഒക്ടോബർ മാസത്തിൽ പട്ടിണിജാഥകളും പിക്കറ്റിങ്ങും നടത്തി. നിരവധി കേന്ദ്രങ്ങളിൽ വിശദീകരണ യോഗങ്ങൾ നടത്തിക്കൊണ്ടാണ് പട്ടിണി ജാഥകൾ പിക്കറ്റിംഗ് കേന്ദ്രങ്ങളായ എറണാകുളം കളക്ട്രേറ്റിലും തൊടുപുഴ ഹെഡ് പോസ്റ്റാഫീസിലും എത്തിച്ചേർന്നത്. കപടമായ സ്വദേശി മുദ്രാവാക്യമുയർത്തി സാമ്രാജ്യത്വ ദല്ലാളുകളായ ടാറ്റ, ബിർള മുതലായ കുത്തക മുതലാളിമാരെ സേവിക്കുന്ന സവർണ്ണ ഫാസിസ്റ്റ് തന്ത്രം ഈ പ്രചരണ-സമര പരിപാടികളിൽ ഒരു പ്രധാന ആക്രമണ ലക്ഷ്യമായിരുന്നു. അതോടൊപ്പം തെരഞ്ഞെടുപ്പു ബദലുകളിലൂടെ സാമ്രാജ്യത്വനയം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനാവില്ലെന്നും ജാഥാ-അംഗങ്ങൾ വിശദീകരിച്ചു. സാമ്രാജ്യത്വ ചൂഷണത്തിന്റെ സൃഷ്ടിയും അതിന്റെ സംരക്ഷകനുമായ സവർണ്ണ-ദല്ലാൾ ഭരണകൂടത്തെ നേരിട്ടുകൊണ്ടുമാത്രമേ ഇതു കഴിയൂ. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സോഷ്യലിസ്റ്റ് മാതൃകകളോ ജനങ്ങൾ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളോ അല്ല. പക്ഷെ ഇന്ത്യയിലെ ഏറ്റവുംവലിയ തൊഴിൽ ദാതാവും വ്യവസായിക മേഖലയിൽ പരിമിതമായ തോതിലെങ്കിലും ഇന്ന് സംവരണം സാധ്യമാകുന്നതും പൊതുമേഖലാവ്യവസായങ്ങളിലാണ്. ഇവിടെ സ്വകാര്യവൽക്കരണം നടപ്പാക്കാൻ അനുവദിച്ചാൽ സ്വകാര്യ മേഖലയിലെ ദല്ലാൾ മുതലാളിമാരുടെ കടിഞ്ഞാണില്ലാത്ത ചൂഷണവും മർദ്ദനവും സംവരണത്തിന്റെ അട്ടിമറിയും ആയിരിക്കും ഫലം — സ്വകാര്യവൽക്കരണത്തെ ചെറുക്കുന്ന ആവശ്യം ഇങ്ങനെയാണ് വിശദീകരിക്കപ്പെട്ടത്.

നവമ്പർ 10:
സവർണ്ണഫാസിസത്തിനും സാമ്രാജ്യത്വത്തിനുമെതിരെ മലയാളി ഐക്യദാർഢ്യദിനം

നവമ്പർ 10: സാമ്രാജ്യത്വനയത്തിൻ കീഴിൽ ഇന്നും ജീവിക്കുന്ന ദേശാഭിമാനബോധമുള്ള ഓരോ മലയാളിയും പകയോടെ ഓർക്കുന്ന ഒരു ദിവസം. 1921-ലെ മലബാർ കലാപം ക്രൂരമായി അടിച്ചമർത്തിയ കൊളോണിയൽ ഭരണാധികാരികൾ ആയിരക്കണക്കിനു കർഷകരെ തടവുകാരാക്കി. കാററും വെളിച്ചവും കടക്കാത്ത റെയിൽവേ വാഗണിൽ കുത്തിനിറച്ച് തിരൂരിൽനിന്ന് പോത്തന്നൂരിലേക്ക് അവരെ കൊണ്ടുപോയി. രണ്ടായിരത്തോളം തടവുകാരെയാണ് 32 പ്രാവശ്യമായി ഇങ്ങനെ കൊണ്ടുപോയത്. നവമ്പർ 10ന് ഇതുപോലെ അടച്ചിട്ട വാഗണിൽ കൊണ്ടുപോയ നൂറോളം തടവുകാർ ശ്വാസംകിട്ടാതെ അലമുറയിട്ട് തമ്മിൽതമ്മിൽ മാന്തിപ്പൊളിച്ച് മൃതിയടഞ്ഞു. കെട്ടിപ്പിടിച്ചു കിടക്കുന്ന മൃതദേഹങ്ങൾ ഇറക്കാൻ പോത്തന്നൂരിലെ അധികാരികൾ വിസമ്മതിച്ചപ്പോൾ വാഗൺ പൂട്ടി അവരെ അതേപോലെ തിരൂർക്ക് മടക്കി അയച്ചു. തിരൂരിലെ കോരങ്ങത്ത് ജുമഅത്ത് പള്ളിവളപ്പിൽ ഈ ധീര രക്തസാക്ഷികൾ അന്ത്യവിശ്രമം കൊള്ളുന്നു. നാസി ജർമ്മനിയുടെ ഉദയത്തിന് എത്രയോ വർഷം മുമ്പ് നടന്ന ഈ കൂട്ടക്കൊലയ്ക്ക് ഉത്തരവാദികൾ ജനാധിപത്യത്തിന്റെ ഈററില്ലം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടന്റെ സൈനിക മേധാവികളായിരുന്നു. കലാപത്തെ അടിച്ചമർത്തിയതിന് ബ്രിട്ടീഷ് ഭരണാധികാരികൾ അവരെ അനുമോദിക്കുകയാണ് ചെയ്തത്. ഈ കൂട്ടക്കൊലയ്ക്ക് 'വാഗൺ ട്രാജഡി' (വാഗൺ ദുരന്തം) എന്നാണ് അവർ പേരിട്ടത്. ഭീകരമായ ഒരുകൂട്ടക്കൊലയെ മറച്ച് വയ്ക്കുന്ന ഈ പേര് നാം ഇന്നും ഏററുവിളിക്കേണ്ടി വരുന്നതാണ് യഥാർത്ഥത്തിൽ ദുരന്തമായി വിശേഷിപ്പിക്കേണ്ടത്. മലബാർ കലാപം അടിച്ചമർത്തിയ ബ്രിട്ടീഷ് സൈനികരെ സ്തുതിയ്ക്കുന്ന സ്മാരകങ്ങൾ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്നും തല ഉയർത്തിനില്ക്കുന്ന അപമാനത്തോടൊപ്പം ഇതും അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണ്.

നവമ്പർ 10-ലെ രക്തസാക്ഷികളെ അനുസ്മരിക്കുന്നതിന് എന്നത്തേക്കാളേറെ പ്രസക്തിയുണ്ട്. നഗ്നമായ സാമ്രാജ്യത്വ-ദല്ലാൾ മുതലാളിത്ത ചൂഷണം തീവ്രമാകുന്നതോടൊപ്പം സവർണ്ണ-ദല്ലാൾ ഭരണകൂടത്തിന്റെ സംരക്ഷണത്തിൻ കീഴിൽ സവർണ്ണ ഫാസിസ്റ്റുകളുടെ ആക്രമണങ്ങളും ശക്തിപ്പെടുകയാണ്. ഇന്ന് മുസ്ലീംവിഭാഗങ്ങളാണ് അവരുടെ പ്രത്യക്ഷ ആക്രമണ ലക്ഷ്യം. പക്ഷെ അധികം താമസിയാതെ തന്നെ ഈ ആക്രമണം ദളിത് പിന്നോക്ക വിഭാഗങ്ങൾക്കും സ്വാതന്ത്ര്യം ആഗ്രഹിയ്ക്കുന്ന സ്ത്രീകൾക്കും പുരോഗമന - വിപ്ലവശക്തികൾക്കുമെതിരെ വ്യാപിക്കുമെന്നതിൽ സംശയമില്ല. ഭൂതകാലത്തെ സവർണ്ണാധിപത്യ പ്രതീകങ്ങളെ 'ദേശീയ'പദവി നല്കി പ്രകീർത്തിക്കുന്നതോടൊപ്പം അവർ മർദ്ദിതരുടെ സാമ്രാജ്യത്വ സവർണ്ണാധിപത്യവിരുദ്ധ പോരാട്ടങ്ങളെ പുച്ഛിക്കുന്നു. മലബാർ കലാപത്തെ വർഗ്ഗീയ ലഹളയായി ചിത്രീകരിക്കുന്നത് ഇതിന്റെ പ്രതിഫലനമാണ്. ഈ പ്രചരണത്തിന് സഹായകരമായ നിലപാടാണ് ഇന്ന് സി.പി.എം. പോലും സ്വീകരിക്കുന്നത്. മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഈ. എം. എസ്സ്. മലബാർ കലാപത്തെ വടക്കേ ബ്രിട്ടീഷ് ഇന്ത്യയിൽ നടന്ന വർഗ്ഗീയ കലാപങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയത് യാദൃശ്ചികമല്ല. മലബാർ കലാപത്തിനെതിരെയുള്ള വർഗ്ഗീയ ആരോപണത്തെ ഖണ്ഡിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുൻകാല നിലപാട് ഈ.എം.എസ്സിന് നല്ലപോലെ അറിയാം. ഇന്നതവർക്ക് സ്വീകാര്യമല്ലാതെ വരുന്നത് സവർണ്ണ പ്രീണനത്തിലൂടെ പാർലമെന്ററി ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവർ ആഗ്രഹിക്കുന്നതുകൊണ്ടാണ്.

1921-ൽ ബ്രിട്ടീഷുകാർക്കും സവർണ്ണാധിപത്യത്തിനുമെതിരെ പൊരുതിയ മലബാറിലെ മാപ്പിളമാർ മുഴുവൻ മലയാളികൾക്കും വഴികാട്ടികളാണ്. മതവിശ്വാസങ്ങളാൽ പ്രചോദിതരായിരുന്നപ്പോൾ പോലും അവരുയർത്തിയ ആയുധങ്ങൾ സാമ്രാജ്യത്വത്തിനും അതിനെ സേവിക്കുന്ന ദല്ലാളുകൾക്കുമെതിരെ (അവർ പുതുമതത്തിൽ പ്പെട്ടവരായാലും ശരി)യാണ് ഗർജ്ജിച്ചത്. ജനങ്ങളെ മതനിരപേക്ഷമായി സംരക്ഷിക്കുന്നതിന് ആ ആയുധങ്ങൾ ഗർജ്ജിച്ചിരുന്നു. മതസൗഹാർദ്ദത്തിന്റെയും വർഗ്ഗീയ വിരുദ്ധ സംഘങ്ങൾ രൂപീകരിക്കുന്നതിന്റെയും പ്രഹസനങ്ങൾക്കിടയിൽ മർദ്ദിതരുടെ ഐക്യനിര കെട്ടിപ്പടുക്കാനുള്ള യഥാർത്ഥ പാതയാണ് 1921-ലെ രക്തസാക്ഷികൾ കാട്ടിത്തരുന്നത്. സാമ്രാജ്യത്വത്തിനും സവർണ്ണ ഫാസിസത്തിനുമെതിരെ കടന്നാക്രമിക്കുന്നതിലൂടെ മാത്രമെ ഈ ഐക്യം സാദ്ധ്യമാകൂ എന്നവർ പഠിപ്പിക്കുന്നു. നവമ്പർ 10 മലയാളി ഐക്യദാർഢ്യ ദിനമായി ആചരിക്കാൻ നാം സന്നദ്ധരാകേണ്ടതിന്റെ അടിസ്ഥാന കാരണവും ഇതാണ്.

നിരീശ്വര വാദികളുടെ മതപ്രബോധനം

മുസ്ലീങ്ങളെ ദേശദ്രോഹികളായി മുദ്രകുത്തി സവർണ്ണഫാസിസ്റ്റ് സംഘങ്ങൾ നിരന്തരമായി നടത്തുന്ന പ്രചരണങ്ങൾ നിയമാനുസൃതമായ രീതികളിലൂടെ ഇത് തടയാൻ കഴിയില്ലെന്ന് വ്യക്തമാക്കുന്ന ഭരണകൂടനീക്കങ്ങൾ. ആക്രമണങ്ങൾക്ക് പ്രതിവിധിയായി ഉയർന്നു വരുന്ന മുസ്ലീം സംഘങ്ങളുടെ പ്രത്യാക്രമണങ്ങൾ പിന്നെ, എല്ലാ സംഘടനകളും പിൻമാറുന്നു. മതംനോക്കിപരസ്പരം വെട്ടിക്കീറിചാകുന്ന കുറെ സാധാരണ മനുഷ്യരെ ബാക്കിനിർത്തിയിട്ടുണ്ട്. അതോടെ വർഗീയത അടിച്ചമർത്താൻ പോലീസിന്റെ ഊഴമായി, നിരോധനാജ്ഞയുടെ മറവിൽ സവർണ്ണപക്ഷപാതിത്ത്യത്തോടെ അവരാൽ കഴിയുന്നത് ചെയ്യുമ്പോൾ നിശബ്ദരായിരുന്ന രാഷ്ട്രീയസംഘടനകളും മററും പിന്നെ രംഗത്തെത്തും—മതസൗഹാർദ്ദ റാലികൾ, ശാന്തിയാത്ര, വർഗീയ വിരുദ്ധ സന്നദ്ധസംഘങ്ങൾ എന്നിവയുടെ ബഹളം ആവർത്തിച്ചുനടക്കുന്ന ഈ സംഭവപരമ്പരയിലൂടെ വർഗീയ വിഭജനങ്ങൾ ദിനംപ്രതി തീവ്രമാവുകയും ചെയ്യുന്നു.

പ്രതിവിധികളുമായി രംഗത്തിറങ്ങുന്ന ഭരണകൂടത്തിന്റെയും രാഷ്ട്രീയ സംഘടനകളുടെയും സമീപനത്തിൽ വർഗീയതയുടെ വർത്തമാന ഉറവിടം ബോധപൂർവ്വം തന്നെ അന്വേഷണവിഷയമാകുന്നില്ല. സവർണ്ണഫാസിസ്റ്റുസംഘങ്ങൾ വർഷങ്ങളായി നടത്തിവരുന്ന വർഗീയ പ്രചരണവും നിയമലംഘനങ്ങളും അവയുടെ ഫാസിസ്റ്റ് ഭീകരവാദവും സൗകര്യപൂർവ്വം ഒഴിച്ചുനിർത്തികൊണ്ടാണ് മതസൗഹാർദ്ദതകർച്ചയെക്കുറിച്ച് ഇവർ ആലോചിക്കുന്നത്. ഈ പൊതു പശ്ചാത്തലത്തിൽനിന്ന് അടർത്തിമാററി ഓരോ സംഘട്ടനപരമ്പരയ്ക്കും തിരികൊളുത്തിയ വ്യത്യസ്ത സംഭവങ്ങളിൽ ശ്രദ്ധ കേന്ദ്രകരിക്കുന്നു അതുമാത്രം പരിഗണിക്കാൻ മാദ്ധ്യമങ്ങളിലൂടെ നമ്മേ പ്രേരിക്കിക്കുന്നു. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെ ഈ സമീപനത്തിന് അനുയോജ്യമായ ഒരു പദ്ധതിയാണ് 'വർഗ്ഗീയ വിരുദ്ധ സന്നദ്ധ വേദി'കൾ നിർമ്മിക്കാൻ പരിശ്രമിക്കുന്ന കെ. വേണുവും സംഘവും ചെയ്യുന്നത്. വർഗ്ഗീയതയ്ക്ക് ഉത്തരവാദികളായവരെക്കുറിച്ച് 'ഇപ്പോൾ' ചിന്തിക്കാൻ നേരമില്ല. അതൊരു ദീർഘകാലപ്രശ്നമാണ്. അടിയന്തിരപ്രശ്നം സംഘർഷം തടയലാണ്. ഇതാണ് കൊടുങ്ങല്ലൂരും ഫോർട്ടുകൊച്ചിയിലും ഇത്തരം വേദികൾ കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്തവരുടെ ന്യായം. സംഘട്ടനങ്ങൾ എല്ലാം തീർന്നിട്ടാണ് ഈ രണ്ടു സ്ഥലങ്ങളിലും വേദികൾ രൂപീകരിച്ചത്. ഇപ്പോൾ ഒരു അടിയന്തിര സാഹചര്യത്തിൽ നേരിടുന്ന സമയക്കുറവ് അല്ല യഥാർത്ഥ തടസ്സം സത്യം അംഗീകരിക്കാനും അത് തുറന്നു പറയാനുമുള്ള മടി. ഇത്രയുംനാൾ സവർണ്ണഫാസിസത്തോട് സ്വീകരിച്ച വിട്ടുവീഴ്ച മനോഭാവവും ഇപ്പോഴും നടക്കുന്ന സവർണ്ണ പ്രീണനവും സൗകര്യപൂർവ്വം മറച്ചുവയ്ക്കാൻ വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികൾക്ക് നല്കുന്ന അവസരം. അതിലൂടെ; അവസരവാദപരമായി അവയുടെ സംഘടനാബലത്തിന്റെ തണലിൽ രാഷ്ട്രീയ പ്രയോഗം നടത്താനുള്ള വെമ്പൽ. ഇതൊക്കെയാണ് ഇവർ സ്വയം സ്വീകരിച്ച അന്ധതയുടെ കാരണങ്ങൾ ആത്യന്തികമായി സവർണ്ണ ഫാസിസത്തെ എതിർക്കുന്നതിൽ നിന്നുള്ള പിൻമാററമാണ് അത് കാണിക്കുന്നത്.

പതിവായി നടക്കുന്ന മതസൗഹാർദ്ദ ആഹ്വാന പ്രതിജ്ഞാ കോലാഹലത്തിൽ നിന്ന് വ്യത്യസ്തമായി മതാന്ധതയുടെ ആദർശനാത്മകതക്കുപകരം 'പുതിയൊരു' ആദർശബോധം സൃഷ്ടിച്ചുകൊണ്ടേ വർഗീയതയെ നേരിടാൻ കഴിയൂ എന്നാണിവർ പറയുന്നത്. ഗാന്ധിയാണ് ഇതിന് മാതൃക. "ആക്രമിക്കപ്പെടുന്ന അന്യമതസ്ഥരെ സംരക്ഷിക്കാനായി എന്തു ത്യാഗത്തിനും തയ്യാറാണെന്ന്" പ്രതിജ്ഞയെടുപ്പിച്ചുകൊണ്ടാണ് പുതിയ ആദർശബോധം സൃഷ്ടിക്കാൻ പോകുന്നത്. സനാതന ഹിന്ദുവായി സ്വയം വിശേഷിച്ച ഗാന്ധിക്ക് ചേർന്ന പ്രയോഗമായിരുന്നു 'അന്യമതസ്ഥർ' ഈ സനാതന ഹിന്ദു സ്വമതസ്ഥരിലെ മർദ്ദിത ജാതികൾക്കെതിരെ സവർണ്ണ മേലാളൻമാർ നടത്തിയ ആക്രമണങ്ങളെ ചെറുക്കാൽ ഒരു ത്യാഗത്തിനും തയ്യാറായിരുന്നില്ല. അവിടെ ആക്രമിക്കപ്പെട്ടവരെ സംരക്ഷിക്കാനല്ല, അക്രമികളോട് സഹകരിച്ച് അവരുടെ മനസ്സുമാറുന്നതിനെ ആശ്രയിക്കാനായിരുന്നു ഉപദേശം. എന്തായാലും ഈ സനാതന മതബോധത്തിന്റെ ആദർശം സ്വായത്തമാക്കണമെങ്കിൽ സ്വയം ഒരു മതവിഭാഗത്തിലെ അംഗമാണ് താനെന്നും പൊതുജ്ജനത്തെ വിവിധ മതവിഭാഗങ്ങളായി വേർതിരിച്ച് കാണണമെന്നും പ്രതിജ്ഞയെടുക്കുന്ന ഓരോരുത്തരും സ്വീകരിക്കണം. മതവിശ്വാസികളല്ലാത്ത ഒരു കുട്ടർ ഈ വേദി നിർമ്മാണത്തിന് മുൻകൈ എടുക്കുന്ന സ്ഥിതിയ്ക്ക് പ്രതിജ്ഞ അവരൊഴികെ മററുള്ളവർക്കുള്ള ഉപദേശമായിട്ടേ കാണാൻ കഴിയൂ. മതത്തിന്റെ 'യഥാർത്ഥ' സത്ത പ്രചരിപ്പിക്കുന്ന നിരീശ്വരവാദികളുടെ മതപ്രബോധനം. സനാതന ഹിന്ദുമതത്തിന്റെ മുൻവിധികളോടെ, ഞങ്ങളും വേറെ ചില മതങ്ങളുമാണ് സാമൂഹ്യയാഥാർത്ഥ്യമെന്ന മുൻവിധിയോടെ നടത്തുന്ന മതപ്രബോധനം.

സമീപകാലത്ത് ബാബറി-മസ്ജിദ്-രാമജന്മഭൂമി പ്രശ്നം രൂക്ഷമായതുമായി കേരളത്തിൽ വളർന്നുവന്ന സ്ഫോടനാത്മകമായ അവസ്ഥയെ ഇവർ ബന്ധിപ്പിച്ചുകാണുന്നുണ്ട്. എന്നാൽ ഇതിന് ഉത്തരവാദികളായ സവർണ്ണ ഫാസിസ്റ്റുകളുടെ പ്രചരണത്തെ തടയാൻ ഇവരുടെ മതപ്രബോധനത്തിന് കഴിയില്ല. കാരണം അവരുടെ ഹൈന്ദവത്വം മതവിശ്വാസമല്ല ദേശീയ സംസ്കാരമാണ്. ദേശത്തെ സംരക്ഷിക്കാനും പഴയ പ്രതാപം വീണ്ടെടുക്കാനുമാണ് തങ്ങൾ ദേശദ്രോഹികളായ മതന്യൂനപക്ഷങ്ങളെ ആക്രമിക്കുന്നത് എന്നവർ പറയുന്നു. തീർച്ചയായും ഈ ദേശീയ സംസ്കാരം സവർണ്ണ മതാധിഷ്ഠിതമാണ്, പക്ഷെ അത് മതത്തിനുപരിയായ ഒരു തലം ഒരുക്കിയിട്ടുണ്ട്. മതപ്രബോധനങ്ങൾ വഴി ഇത് നേരിടാൻ കഴിയില്ല. പ്രത്യേകിച്ചും ഗാന്ധിജിയുടെ മതപ്രബോധനത്തിന്റെ നയത്തിൽ ഇതിനെ ഒന്നു നുള്ളാൻപോലും കഴിയില്ല. ഒരേ വൈദിക ആര്യ ആർഷ ഭാരത ശ്രോതസ്സിൽ നിന്നാണ് ഗാന്ധീയൻ രാമരാജ്യവും സവർണ്ണ ഫാസിസ്റ്റുകളുടെ ഹൈന്ദവ രാഷ്ട്രവാദവും ഉയർന്നുവരുന്നത്. സവർണ്ണ ഫാസിസ്റ്റുകളുടെ ദേശീയവാദത്തെ നേരിടുന്നതിന് ബ്രാഹ്മണാധിപത്യത്തിന്റെ ദേശീയ അവകാശവാദത്തെ ചോദ്യം ചെയ്യണം. അഖണ്ഡതാ വിരുദ്ധ നിലപാടുകളും സവർണ്ണ ഫാസിസത്തിന്റെ ജാതിമർദ്ദനം എതിർക്കുന്ന ജാതി നശീകരണ നിലപാടുകളും ആണ് ഇതിനുവേണ്ടത്. ഈ ദേശീയ വിമോചന/ജാതി നശീകരണ രാഷ്ട്രീയത്തിലൂടെ മാത്രമാണ് മതന്യൂനപക്ഷങ്ങളുടെ ഒററപ്പെടലിനെ, മതാടിസ്ഥാനത്തിൽ ഉൾവലിയുന്ന പ്രവണതയെ മറികടക്കാൻ കഴിയുക. ആക്രമണ ലക്ഷ്യങ്ങൾ ചുരുക്കി, ഇതിന് സഹായകരമായ വിധത്തിൽ പിന്നോക്ക-ദളിത് വിഭാഗങ്ങളുമായി ഐക്യപ്പെട്ട്, സവർണ്ണ ഫാസിസത്തെ ചെറുക്കാൻ അവരെ പ്രേരിപ്പിക്കാൻ കഴിയു.

അടുത്തലക്കത്തിൽ : **വിവേകാനന്ദൻ - ആധുനിക സവർണ്ണാധിപത്യ ശില്പി**
എം. ഗീതാനന്ദൻ

എഫ്.എ.സി.ടി. സംരക്ഷിക്കാൻ പ്രക്ഷോഭം

പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും അടച്ചുപൂട്ടലും ധൃതഗതിയിൽമുന്നേറുകയാണ്. കേരളത്തിൽ ഇതിനായി ഒരു വലിയ ലിസ്റ്റുതന്നെ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിനിടയിലാണ് കേന്ദ്രസർക്കാരിന്റെ ഇറക്കുമതി ഉദാരവൽക്കരണത്തിന്റെ ഫലമായി ഏലൂർ എഫ്. എ. സി. ടി. യിലെ ഒരു പ്ലാന്റ് അടച്ചുപൂട്ടിയിരിക്കുന്നത്. വളനിർമ്മാണത്തിനാവശ്യമായ അമോണിയ വാതകം ഉല്പാദിപ്പിക്കുന്ന പ്ലാന്റാണ് ഇപ്പോൾ സ്തംഭിച്ചിരിയ്ക്കുന്നത്. ഇതിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ ആ അസംസ്കൃതവസ്തുക്കളുടെ വില കുതിച്ചുയർന്നപ്പോൾ അമോണിയയും വളങ്ങളും കുറഞ്ഞ വിലയ്ക്ക് എത്തിച്ചുതരാൻ ബഹുരാഷ്ട്ര കമ്പനികൾ സന്നദ്ധമായിരിയ്ക്കുന്നു. ഇറക്കുമതി ഉദാരവൽക്കരണത്തിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇവിടത്തെ ഉല്പാദനം നിർത്തിക്കാനും തങ്ങളുടെ ഉല്പന്നങ്ങൾ വിററഴിക്കാനുമാണ് ഇവർ ലക്ഷ്യമിട്ടത്. ഇത് വിജയിച്ചതോടെ 600 തൊഴിലാളികളുടെ പണി നഷ്ടപ്പെട്ടു. ഈ പ്ലാന്റിന്റെ ഉപോല്പന്നമായ കാർബൺമോണോക്സൈഡ് ഉപയോഗിച്ച് റബ്ബർ ഉല്പാദനത്തിന് ആവശ്യമായ ഫോർമിക് ആസിഡ് നിർമ്മിച്ചിരുന്ന പെരിയാർ കെമിക്കൽസും അടച്ചുപൂട്ടേണ്ടി വന്നു. ഇന്ത്യയിൽ ഫോർമിക് ആസിഡ് നിർമ്മിക്കുന്ന രണ്ടു കമ്പനികളിൽ ഒന്നായിരുന്നു ഈ ഫാക്ടറി. ഇനി ഗുജറാത്തിലുള്ള ഒരു കമ്പനി മാത്രമെ ഈ രംഗത്ത് അവശേഷിക്കുന്നുള്ളു.

'എഫ്.എ.സി.ടി. സംരക്ഷിക്കുക' എന്ന മുദ്രാവാക്യത്തിൽ കേന്ദ്രീകരിച്ച് എഫ്.എ.സി.ടി.യിലെ വിവിധ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ഐക്യപ്പെട്ട് സമരരംഗത്തിറങ്ങിയിട്ടുണ്ട്. 'കേരളത്തിലെ ഉദ്യോഗങ്ങൾ സംരക്ഷിക്കുക' എന്ന മുദ്രാവാക്യവും അവർ ഉയർത്തിയിട്ടുണ്ട്. ഏലൂർ മേഖലയിലെ മററു വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളും ഐക്യദാർഢ്യ പ്രവർത്തനങ്ങൾ ഏറെറടുക്കാൻ സന്നദ്ധരായിട്ടുണ്ട്. ഇന്ത്യൻ അലൂമിനിയം കമ്പനിയിലെ എ. സി. ടി. യു (മെയ്ദിനകേന്ദ്രം) ഫാക്ട് കവലയിൽ സംഘടിപ്പിച്ച ഐക്യദാർഢ്യ ധർണ്ണ ഈ ദിശയിലുള്ള ഒരു നല്ല തുടക്കമായിരുന്നു. നവംബർ 2നു നടന്ന തൊഴിലാളികളുടെ റാലിയും ശ്രദ്ധക്ഷണിക്കൽ സമ്മേളനവും സുപ്രധാനമായ ഒരു സമരത്തിന്റെ ആരംഭം കുറിക്കുന്നു.

മലയാളി ദേശീയതാല്പര്യ ..

1-ാം പേജിൽ നിന്നു തുടർച്ച

സാമ്രാജ്യത്വ-ദല്ലാൾ ചൂഷണത്തിന് ചുവടൊപ്പിച്ചുകൊണ്ട് ആർ. എസ്സ്. എസ്സ്. നയിക്കുന്ന സവർണ്ണഫാസിസ്റ്റ് കൂട്ടങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ഇതൊന്നുകൂടി ആവശ്യമാക്കുന്നു.

നൂററാണ്ടുകൾക്കുശേഷം മലയാളി ജനതയുടെ അടിത്തട്ടുകളിൽ നിന്ന് ആരംഭിച്ച് സമൂഹത്തിന്റെ വിഭിന്ന മേഖലകളെ സമൂലമായി മാററിത്തീർത്ത മഹത്തായ ഒരു നവോത്ഥാനത്തിന്റെ ഏകീകരണ പ്രക്രിയയുടെ ഫലമായിരുന്നു ഐക്യകേരളം. സവർണ്ണാധിപത്യത്തിനെതിരെ ഉയർന്നുവന്ന ആ പ്രസ്ഥാനങ്ങളുടെ പുത്തൻ അവബോധമാണ് മലയാളിയുടെ ജനാധിപത്യ മനസ്സിന്റെ സൃഷ്ടി തുടങ്ങിവച്ചത്. ഇന്നാകട്ടെ തകരുന്ന മത-സമുദായ സൗഹാർദ്ദ മനക്കോട്ടയുടെ നടുവിൽ നമുക്കിടയിലെ വിള്ളലുകൾ നീന്തിപോലും കയറാൻ കഴിയാത്ത വലിയ തോടുകളാക്കിമാററാൻ ശ്രമിക്കുന്ന ബ്രാഹ്മണ പ്രത്യയശാസ്ത്രം അക്രമാസക്തമായി മുന്നേറുകയാണ്. പുറമേക്ക് പൊതുസ്ഥലങ്ങളിൽ പരിഷ്ക്കാരം നടിച്ച് നമ്മൾ മറച്ചുവച്ചിരുന്ന, എന്നാൽ സ്വകാര്യ സാമൂഹ്യ ജീവിതത്തിൽ ശ്രദ്ധയോടെ കാത്തുരക്ഷിച്ചുവന്ന, ജാതീയത തന്നെയാണ് ഈ മുന്നേററത്തിന് അടിത്തറയൊരുക്കുന്നത്. കഴിഞ്ഞ മുപ്പതിലേറെ വർഷങ്ങൾ സൃഷ്ടിച്ച സാമ്പത്തിക അപമാനതകളും പുതിയ പ്രതിസന്ധിയുടെ തീവ്രതയും ഇതിന് പുതിയ ഭാവങ്ങൾ പകർന്നിട്ടുണ്ടെങ്കിലും ആ പഴയ അടിമത്തം ഇളക്കിമാററുന്ന പണിതന്നെയാണ് ഇനിയും പൂർത്തീകരിക്കേണ്ടത്. ഇതും മലയാളി ദേശീയ താല്പര്യ സംരക്ഷണത്തിന്റെ പ്രമുഖ ഘടകമാണെന്നു തിരിച്ചറിയാത്തവർ ഈ ജനതയുടെ പ്രയാണത്തിൽ അധികദൂരം എത്തില്ല.

ജാതി നശീകരണം, ദേശീയ വിമോചനം, ഇതിലൂടെ സാദ്ധ്യമാകേണ്ട സ്വാശ്രിത സോഷ്യലിസ്റ്റ് വികാസവും ഇതിനൊക്കെ അത്യന്താപേക്ഷിതമായ തൊഴിലാളി വർഗ്ഗ നേതൃത്വവും -കേരള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ബഹുജന മാദ്ധ്യമമായ 'മുന്നണിപട'യുടെ വിഷയങ്ങൾ ഇതായിരിക്കും. കമ്മ്യൂണിസത്തിനെതിരെയുള്ള ദുഷ്പ്രചരണങ്ങൾ ശക്തിപ്രാപിക്കുകയും, കൂറുമാറിയവരുടെ പല സംഘങ്ങളും ഇതിനൊക്കെ കുഴലൂത്തുകാരായി പണിയെടുക്കുകയും ചെയ്യുന്ന ഇന്നത്തെ ചുററുപാടിൽ മാർക്സിസം-ലെനിനിസം-മാവോ സേതൂങ്ങ് ചിന്തയുടെ പ്രത്യയശാസ്ത്ര നേതൃത്വത്തിൽ തൊഴിലാളിവർഗ്ഗം നയിക്കുന്ന ഒരു ജനാധിപത്യ വിപ്ലവത്തിന്റെ ആശയ പ്രചരണം നിർവഹിക്കുക അത്ര എളുപ്പമല്ല. ഈ ചുററുപാടുകൾ തന്നെ ചൂണ്ടികാട്ടുന്ന പുത്തൻ സാദ്ധ്യതകളാണ് അതിനുള്ള ആത്മവിശ്വാസം നല്കുന്നത്. വിവിധ സാമൂഹ്യവിഭാഗങ്ങൾ വർഗ്ഗങ്ങളും ജാതികളും, സ്ത്രീകളും മതവിഭാഗങ്ങളും, സ്വന്തം അനുഭവത്തിലൂടെ ഇന്ന് പോരാടാൻ സന്നദ്ധരാകുന്നുണ്ട്. വീക്ഷണങ്ങൾ എന്തുതന്നെ ആയിരുന്നാലും ശരി ആ സമരങ്ങൾ സാമ്രാജ്യത്വത്തിനും സവർണ്ണാധിപത്യത്തിനുമെതിരെ, ഭരണകൂടത്തിനെതിരെ നയിക്കാൻ അവരുടെ അനുഭവങ്ങൾ തന്നെ അവരെ നിർബന്ധിച്ചു തുടങ്ങിയിരിക്കുന്നു. പരിസ്ഥിതി, സംസ്ക്കാരം എന്നിങ്ങനെ വിവിധ കോണുകളിൽനിന്ന് നിലവിലുള്ള ജീർണ്ണാവസ്ഥ വിമർശന വിധേയമാകുന്ന, പുതിയ ആശയങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കപ്പെടുന്നു. ഇതെല്ലാം തന്നെ മലയാളി ജനതയുടെ ഭാവിപ്രയാണത്തിന് വിമോചന സമരത്തിന് മുതൽക്കൂട്ടുകളാണ്. ഈ പുത്തൻ പ്രവണതകളിൽനിന്ന് പഠിച്ചും സ്വന്തം പ്രവർത്തിയിലൂടെ അനുഭവങ്ങൾ കൈമാറിയും ഒരു പുത്തൻ ഐക്യനിര പടുത്തുയർത്തുന്നതിൽ 'മുന്നണിപട' അതിന്റേതായ പങ്ക് നിർവ്വഹിക്കും.

കോട്ടയം: പെരിനാട്ട് കലാപസ്മരണ

ഒക്ടോബർ 24ന് കേരള കമ്മ്യൂസ്ററു പാർട്ടി കോട്ടയം ജില്ലാഘടകത്തിന്റെ ആഭിമുഖ്യത്തിൽ പെരിനാടു് കലാപ അനുസ്മരണയോഗം നടന്നു. 1915-ൽ സവർണ്ണാധിപത്യം അടിച്ചേല്പിച്ചിരുന്ന കല്ലുംമാലയും പൊട്ടിച്ചെറിയാൻ പെരിനാടു് വച്ചു് ചേർന്ന പുലയസമ്മേളനത്തിനുനേരെ സവർണ്ണർ ആക്രമണം അഴിച്ചുവിട്ടു. ശ്രീ.അയ്യങ്കാളി സ്ഥാപിച്ച സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തകർ ഇതു ചെറുത്തതിൽ രോഷംപൂണ്ട സവർണ്ണർ പിന്നെ പുലയർക്കെതിരെ വ്യാപകമായ ആക്രമണങ്ങൾ അഴിച്ചുവിട്ടു. സാധ്യമായ വിധത്തിൽ ദളിതുകൾ തിരിച്ചടിച്ചു. ഈ സംഭവമാണു് ചരിത്രത്തിൽ പെരിനാടു് കലാപമായി അറിയപ്പെടുന്നത്. ഭരണകൂടത്തിന്റെ പിന്തുണയുണ്ടായിരുന്ന സവർണ്ണർക്കാണു് ആക്രമണത്തിൽ മുൻകൈനേടാൻ കഴിഞ്ഞത്. നൂറുകണക്കിന് പുലയക്കുടിലുകൾ തീവച്ചു നശിപ്പിച്ചു. കൂട്ടത്തോടെ വീടുവിട്ടു ഓടാൻ ഇവർ നിർബ്ബന്ധിതരായി. പക്ഷെ പതിവുപോലെ നിസ്സഹായരായി മർദനമേററുവാങ്ങാൻ അവർ സന്നദ്ധരായില്ല. സംഘടനാബോധവും ബലവും ചെറുത്തുനില്പിന് സഹായകമായി. സാധുജനപരിപാലനസംഘവും അയ്യങ്കാളിപ്പടയും ഉണർന്നു പ്രവർത്തിച്ചു. പെരിനാടു് സംഭവങ്ങളെ കുറിച്ചു് അറിഞ്ഞ ശ്രീ അയ്യങ്കാളി അവർക്ക് നല്കിയ ഉപദേശമിതായിരുന്നു: ''എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടായാലും സ്വന്തം സ്ഥലം ഉപേക്ഷിച്ച് ഓടിപ്പോകരുത്. നിലയില്ലാതാവുമ്പം മുട്ടിനു് താഴ്ത്തിവെട്ടു്. കൊല്ലരുത് ഇതേ മാർഗമുള്ളു.''

അനുസ്മരണയോഗത്തിലെ സിബോസിയത്തിന്റെ വിഷയം ബ്രാഹ്മണാധിപത്യവും സ്ത്രീവിമോചനവും എന്നതായിരുന്നു, 'മാറുമറയ്ക്കാൻ കലാപംചെയ്ത ചാന്നാത്തിയും, സവർണ്ണാധിപത്യത്തിന്റെ കല്ലുമാല പൊട്ടിച്ചെറിഞ്ഞ പുലയിയും, മലയാളിസ്ത്രീത്വത്തിന്റെ വിമോചന പൈതൃകങ്ങൾ' ഇതായിരുന്നു അനുസ്മരണപരിപാടികളിലെ കേന്ദ്രമുദ്രാവാക്യം. സിബോസിയത്തിൽ പങ്കെടുത്തു സംസാരിച്ച എൻ. കെ. ജോസു്, കെ. കെ. കൊച്ചു്, ഒ. പി. കുമാരദാസ്, കെ. എം. വേണുഗോപാൽ എന്നിവർ വ്യത്യസ്തകോണുകളിൽ നിന്നു് തങ്ങളുടെ വീക്ഷണങ്ങൾ അവതരിപ്പിച്ചു. സൈന്ധവസംസ്കാരത്തിന്റെ തുടർച്ചയായ ബൗദ്ധസംസ്കാരത്തെ തകർത്തുകൊണ്ടാണു് ബ്രാഹ്മണാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടത്. ആ പുനഃസ്ഥാപനത്തിന്റെ നീതിയാണു് സ്ത്രീ സ്വാതന്ത്ര്യം നിഷേധിക്കുന്ന മനുസ്മൃതി. ആര്യകടന്നാക്രമണത്തിനു മുമ്പു് സ്ത്രീകൾക്കു പ്രാമുഖ്യമുള്ള സമൂഹത്തിന്റെ സൃഷ്ടിയായിരുന്നു അമ്മ ദൈവങ്ങൾ. കൃഷിയിലും സ്ത്രീയിലുമാണ് മുഖ്യപങ്കു വഹിച്ചത്. അമ്മ ദൈവങ്ങൾക്ക് അർച്ചനാവസ്തുവായി ഉപയോഗിച്ചിരുന്ന ശിവലിംഗങ്ങൾ പില്ക്കാല പുരുഷമേധാവിത്വവളർച്ചയോടെ ആ അമ്മ ദൈവങ്ങളെ പുറന്തള്ളി, ചരിത്രപരമായ ഈ വിശകലനത്തിലൂടെയാണു് എൻ. കെ. ജോസ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. അടുത്തതായി സംസാരിച്ച കെ. കെ. കൊച്ചു്, ദേശീയ ബിംബങ്ങൾ ഉയർത്തുന്നതിലൂടെ സവർണ്ണാധിപത്യം സ്ത്രീകളുടെ മേലുള്ള അടിച്ചമർത്തൽ ഉറപ്പിക്കുന്നതിനെയാണു് വിശകലനം ചെയ്തതു്. പഴയപോലെ ബ്രാഹ്മണിസ്റ്റ് മൂല്യങ്ങൾ നിലനിർത്താൻ കഴിയാത്ത സവർണ്ണാധിപത്യം ശൈവ, ദ്രാവീഡ്യൻ ഗോത്രങ്ങളിലെ അമ്മ ദൈവസങ്കല്പത്തെ ആര്യപിതൃദൈവസങ്കല്പവുമായി കുട്ടിയിണക്കിയിട്ടുണ്ടു്. ഇന്ന് രാമരാജ്യവും മാതൃഭൂമിയും എന്നമട്ടിൽ ഇത് നടക്കുന്നു. ഈ അമ്മ ദൈവസങ്കല്പത്തിന്റെ സ്വാംശീകരണത്തിനു് തുടക്കമിട്ടതു് രാമകൃഷ്ണപരമഹംസനും അതു് വികസിപ്പിച്ചതു് വിവേകാനന്ദനുമായിരുന്നു. പാശ്ചാത്യരുടെ ഭാര്യാസങ്കല്പത്തിൽ നിന്നു് വ്യത്യസ്തമായ ഭാരതീയ അമ്മ സങ്കല്പത്തെ വിവേകാനന്ദൻ ഉയർത്തികാട്ടുന്നതു് സ്മരണീയമാണു്. ദേശീയരാഷ്ട്രീയത്തെ കുറിച്ചു് ഒരു ധാരണരുപീകരിക്കാതെ സ്ത്രീ വിമോചനസംഘടനകൾക്കും, ദളിത് സംഘടനകൾക്കും, വികസിക്കാൻ കഴിയില്ല എന്നു് കെ. കെ. കൊച്ചു് വ്യക്തമാക്കി.

ബ്രാഹ്മണമേധാവിത്വം സവർണ്ണർക്ക് ഭൗതികനേട്ടമുണ്ടാക്കുന്ന ഒരു വ്യവസ്ഥമാത്രമല്ല, അവർണ്ണരെയും സവർണ്ണരെയും ഉൾകൊള്ളുന്ന ഒരു പ്രത്യയശാസ്ത്ര മർദ്ദനോപകരണം കൂടിയാണു്. ബ്രാഹ്മണിസത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത ഡോ: അംബേദ്കർ അതിന്റെ സ്ത്രീസ്വാതന്ത്ര്യ നിഷേധത്തെ ചൂണ്ടികാട്ടുന്നുണ്ട്. സാമ്പത്തിക ചൂഷണത്തിനെതിരെ സമരം ചെയ്യുന്നതോടൊപ്പം ഈ പ്രത്യയശാസ്ത്ര മേധാവിത്വത്തെ തകർക്കാൻ കൂടി ജാതിവിരുദ്ധസമരം നടത്തേണ്ടതുണ്ട്. ചരിത്രത്തിൽ സ്ത്രീ മേധാവിത്വത്തിന്റെ ഒരു കാലഘട്ടവും കണ്ടെത്താൻ കഴിയില്ല. സ്ത്രീകളെ നിശ്ചേതനമായ വിളനിലമായി, വസ്തുവായിനോക്കികാണുന്നതിന്റെ പ്രതിഫലനമായിരുന്നു അമ്മദൈവ സങ്കല്പങ്ങൾ. ലിംഗപൂജ പുരുഷപ്രധാനമായ സൃഷ്ടിയിൽ പുരുഷന് മാത്രം സജീവപങ്ക് അംഗീകരിക്കുന്ന വീക്ഷണത്തിന്റെ ലക്ഷണമാണ്. ബ്രാഹ്മണാധിപത്യത്തിന്റെ വിവിധ രൂപങ്ങളെ എതിർക്കുന്നതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിക്കൊണ്ട് സംസാരിച്ച വേണുഗോപാൽ കേരളത്തിലെ ജാതിവിരുദ്ധ പോരാങ്ങൾ ഈ പ്രത്യയശാസ്ത്രത്തിൽ നിന്ന് തീർത്തും വിമുക്തമായിരുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

വിവിധ മേഖലകളിലെ സമരങ്ങൾ പരസ്പര ബന്ധിതമായിരിക്കുന്ന അവസ്ഥയിലേക്കാണ് കുമാരദാസ് ശ്രദ്ധ കാണിച്ചത്. ദളിതുകളുടെ വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി പൊരുതിയ ശ്രീ അയ്യങ്കാളിയുടെ സമരങ്ങൾ സ്കൂൾ വാതിൽക്കലല്ല മറിച്ച് ദളിതുകൾ പണിയെടുത്തിരുന്ന നെൽപ്പാടങ്ങളിലാണ് നടന്നത്. പെരിനാട് കലാപത്തിലും ഈ സ്വഭാവം കാണാൻ കഴിയും. എന്നാൽ ഈ പരസ്പരബന്ധം തിരിച്ചറിയുന്നത് തടയാനാണ് ബ്രാഹ്മണാധിപത്യം ശ്രമിക്കുന്നത്. എല്ലാം അതാത് അറകളിൽ ഒതുക്കുന്നു. അദ്ധ്വാനിക്കുന്ന വിഭാഗങ്ങളിൽ ഭൂരിഭാഗവും തൊഴിലിൽനിന്ന് അകററപ്പെട്ടിരിക്കുന്നതാണ് ജാതിവിരുദ്ധ സമരങ്ങളുടെ ദുർബ്ബലാവസ്ഥയ്ക്ക് ഒരു കാരണം. പുതിയ തൊഴിൽ സമരങ്ങളും സ്ത്രീ വിമോചന സമരങ്ങളും ജാതിവിരുദ്ധ പോരാട്ടങ്ങളും പരസ്പര ബന്ധിതമായി നടത്തുന്നതിന് പെരിനാട് കലാപം ഒരു വഴികാട്ടിയാണ്.

ശേഷം 8-ാം പേജിൽ

സ: ഗോൺസാലോയുടെ ജീവൻ സംരക്ഷിക്കുക.

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് പെറു (പി. സി. പി.) വിന്റെ ചെയർമാൻ സ: ഗോൺസാലോയുടെ അറസ്റ്റ് ലോക വ്യാപകമായ ഒരു പ്രതിഷേധ പ്രസ്ഥാനത്തിന് ജന്മം കൊടുത്തിരിക്കുന്നു. 30കളിൽ സാച്ചോ, വാൻസെറ്റി എന്നീ അമേരിക്കൻ കമ്മ്യൂണിസ്റ്റുകളുടെ ജീവൻ സംരക്ഷിക്കുന്നതിന് കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ മുൻകൈയിൽ വികസിച്ചുവന്ന പ്രസ്ഥാനത്തെ അനുസ്മരിപ്പിക്കുന്ന അതിശക്തമായ ഈ സാർവ്വദേശീയ ഐക്യദാർഢ്യ പ്രകടനത്തിന് വിപ്ലവ സാർവ്വദേശീയ പ്രസ്ഥാനമാണ് മുൻകൈ എടുത്തത്. 'ഡോ: അഭിമേൽഗുസ്മാന്റെ ജീവൻ സംരക്ഷിക്കുന്നതിനുള്ള അന്താരാഷ്ട്ര അടിയന്തിര കമ്മിറ്റി'യുടെ ആഹ്വാനത്തെ പിന്തുണച്ചുകൊണ്ട് ലോകത്തുടനീളമുള്ള പ്രമുഖരായ പല പൗരാവകാശ പ്രവർത്തകർ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

രഹസ്യ സൈനിക കോടതിയിൽ ധൃതിപിടിച്ചു നടത്തിയ വിചാരണയെ തുടർന്ന് സ:ഗോൺസാലോവിനെ ജീവപര്യന്തം തടവിനു ശിക്ഷിച്ചിരിക്കുകയാണ്. ശിക്ഷാകാലം മുഴുവനും ഏകാന്ത തടവിലായിരിക്കും പാർപ്പിക്കുക എന്ന് പെറുവിയൻ ഭരണാധികാരി ഫ്യൂജിമോറി പ്രഖ്യാപിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മനുഷ്യാവകാശ ചട്ടങ്ങൾക്ക് വിരുദ്ധമായ ഒരു പീഡനമുറയാണ് ഏകാന്തതടവ്. മാത്രമല്ല പെറുവിയൻ ഭരണഘടന നിരോധിച്ച വധശിക്ഷ പുനഃസ്ഥാപിക്കുമെന്നും പി.സി.പി. ഗറില്ലകൾ നടത്തുന്ന സായുധ കടന്നാക്രമണങ്ങൾക്ക് സ: ഗോൺസാലോവിനെ ഉത്തരവാദിയായികണ്ട് വീണ്ടും വിചാരണചെയ്യുമെന്നും ഫൂജിമോറി വ്യക്തമാക്കിയിട്ടുണ്ട്. ജീവപര്യന്തം തടവുശിക്ഷ വിധിച്ചതിനെ തുടർന്ന്, അമേരിക്കൻ റിപ്പബ്ലിക്കൻ പാർട്ടിയെ അനുകൂലിക്കുന്ന 'വാഷിങ്ടൺ പോസ്റ്റിൽ' ഗോൺസാലോയെ പിടിച്ച ഉടനെതന്നെ വെടിവച്ചു കൊല്ലേണ്ടിയിരുന്നു എന്ന് ആവശ്യപ്പെടുന്ന ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷമാണ് ഫൂജിമോറി ഈ പ്രഖ്യാപനം നടത്തിയത്. കമ്മ്യൂണിസം തകർന്നു എന്ന പ്രചരണ ബഹളത്തിനിടയിൽ നൂറ്റാണ്ടുകളായി തങ്ങൾ അടക്കിവച്ചിരുന്ന തെക്കൻ അമേരിക്കയിൽ തന്നെ വളർന്നുവരുന്ന ഒരു ജനകീയയുദ്ധവും അതിന് നേതൃത്വം നല്കുന്ന പി.സി.പി.യും അമേരിക്കൻ ഭരണാധികാരികൾക്ക് കടുത്ത ഭീഷണിയാണ്. പതിവ് ജനാധിപത്യ മുഖംമൂടി മാറ്റിവച്ച്, തടവിലാക്കപ്പെട്ട ഒരു കമ്മ്യൂണിസ്റ്റ് നേതാവിനെ കൊലപ്പെടുത്തുന്നതിന് അവർ നടത്തുന്ന പരസ്യമായ ആഹ്വാനത്തിന്റെ അർത്ഥം ഇതാണ്.

മയക്കു മരുന്നുകൾക്കെതിരെ 'യുദ്ധ' പ്രഖ്യാപനം നടത്തി അതിന്റെ മറവിൽ ഇന്ത്യ ഉൾപ്പെടെ നിരവധി മൂന്നാംലോക രാജ്യങ്ങളിൽ പുതിയ നുഴഞ്ഞു കയറ്റങ്ങൾ നടത്തുന്ന അമേരിക്ക തെക്കൻ അമേരിക്കയിലെ ഏറ്റവും കുപ്രസിദ്ധമായ മയക്കുമരുന്നു വ്യാപാര സംരക്ഷകനായ ഫൂജിമോറിയെ താങ്ങിനിർത്തുന്നതിന്റെ കാരണവും ഇതുതന്നെയാണ്. കൊളംബിയയിലെ മയക്കുമരുന്നു രാജാക്കൻമാർ പെറുവിയൻ സൈന്യത്തിന്റെ സഹായത്തോടെ വാങ്ങിക്കൂട്ടുന്ന കൊക്കാഇലകൾക്ക് പകരം നല്കുന്ന ഡോളറുകളാണ് ഇന്ന് പെറുവിയൻ ഭരണകൂടത്തിന്റെ മുഖ്യ വരുമാനം. ദിവസവും ശരാശരി 4മുതൽ 14 ദശലക്ഷം ഡോളർവരെ എത്തുന്ന ഈ വരുമാനം തിരിച്ച് സാമ്രാജ്യത്വശക്തികൾക്ക് പ്രതിമാസം നല്കേണ്ട 60ദശലക്ഷം ഡോളർ പലിശ അടച്ചുതീർക്കാനായി ഫൂജിമോറി സർക്കാർ വിനിയോഗിക്കുന്നു. ഫ്യൂജിമോറിയുടെ പ്രധാന ഉപദേഷ്ടാവായ സി.ഐ.എ.ഏജന്റ് മോൺടെസിനോയ്ക്ക് മയക്കു മരുന്നു രാജാക്കൻമാരുമായുള്ള ദൃഢബന്ധം പെറുവിയൻ ഭരണവൃത്തങ്ങളിലെ പല പ്രമുഖരും വ്യക്തമാക്കിയിട്ടുണ്ട്.

അമേരിക്കയും മറ്റുസാമ്രാജ്യത്വ ശക്തികളും സ: ഗോൺസാലോയെ കൊലപ്പെടുത്തുന്നതിന് ഗൂഢാലോചനകൾ നടത്തുമ്പോൾ ലോകത്തുടനീളമുള്ള വിപ്ലവ ശക്തികളും ജനാധിപത്യവാദികളും ആ വിലപ്പെട്ട ജീവൻ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ്. ഈ ഐക്യദാർഢ്യ പ്രസ്ഥാനം ഇന്ന് 'നവലോകക്രമം 'കെട്ടിപ്പടുത്ത് ഏക ഛത്രാധിപതിയാകാൻ ശ്രമിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയുള്ള ലോകവ്യാപക സമരത്തിലെ ഒരു സുപ്രധാന സമരരംഗമായി തീർന്നിരിക്കുന്നു. ഡൽഹിയിൽ 50-ലേറെ സംഘടനകൾ ഐക്യപ്പെട്ട് വിപുലമായ ഒരുസമിതി രൂപം കൊണ്ടിട്ടുണ്ട്. 5000ത്തോളം പേർ പങ്കെടുത്ത ഒരു പ്രകടനം, പെറുവിയൻഎംബസ്സിയിലേക്ക് ഒരു പ്രതിനിധിസംഘത്തെ അയക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നിരിക്കുന്നു. കേരളത്തിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ രക്ഷാധികാരിയായി രൂപം കൊണ്ട പ്രതിരോധസമിതി വ്യാപകമായ ഒപ്പുശേഖരണം നടത്തിവരുന്നു. എറണാകുളത്ത് ഒരു പത്രസമ്മേളനവും പൊതുയോഗവും നടന്നിട്ടുണ്ട്. 'ഡോ: ഗുസ്മാന്റെ ജീവൻ സംരക്ഷിക്കാൻ ഒരുദിവസത്തെ വേതനം' നല്കണമെന്ന അന്താരാഷ്ട്ര സമിതിയുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ട്രേഡ് യൂണിയനുകളും സംഘടനകളുമായി അത് ബന്ധപ്പെടുന്നുണ്ട്. സി. പി. ഐ (എം. എൽ.) (റെഡ് ഫ്ളാഗ്) പ്രവർത്തകർ സ: ഗോൺസാലോവിനെ ശിക്ഷിച്ച ഒക്ടോബർ 7-ാം തീയതി വിവിധ ജില്ലാകേന്ദ്രങ്ങളിൽ അമേരിക്കൻ കൊടി കത്തിച്ച് പ്രതിഷേധ പ്രകടനങ്ങൾ നടത്തി.

അടുത്തലക്കംമുതൽ : "പെറുവിലെ വിമോചിത മേഖലകളിൽ ഒരു ജീവിതം"

സാർവ്വത്രിക റേഷനിങ്ങ് നിർത്തലാക്കുന്നു

പരോക്ഷവും പ്രത്യക്ഷവുമായ നികുതികളിലൂടെ ജനങ്ങളെ ചൂഷണം ചെയ്യുന്ന സർക്കാരുകൾക്ക് അവരുടെ പ്രാഥമിക ജീവിതസൗകര്യങ്ങൾ ഉറപ്പുവരുത്താനും വർദ്ധിപ്പിക്കാനും സാദ്ധ്യതയുണ്ട്. എന്നാൽ സാമ്രാജ്യത്വ ഏജൻസികളായ ഐ. എം. എഫ്.-ലോകബാങ്ക് കേന്ദ്രങ്ങൾ നടപ്പാക്കുന്ന നയങ്ങൾ ആരംഭം മുതൽക്കുതന്നെ ഈ സാദ്ധ്യത കൈവെടിയാനാണ് നിർബന്ധിക്കുന്നത്. സർക്കാർ ചെലവുകൾ വെട്ടിക്കുറച്ച് വീഴ്ച വരുത്താതെ കടം വീട്ടുന്നത് ഉറപ്പാക്കാനാണ് അവ ശ്രമിക്കുന്നത്. ഈ സാമ്രാജ്യത്വ നയങ്ങൾ നടപ്പാക്കുന്നതിന്റെ ഫലമായിട്ടാണ് കേരളത്തിൽ നിലവിലിരുന്ന സാർവ്വത്രിക റേഷനിങ്ങ് പടിപടിയായി നിർത്തിക്കൊണ്ടിരിക്കുന്നത്. 11,000 രൂപ വാർഷികവരുമാനമുള്ളവർക്ക് പൂർണ്ണ സബ്സിഡിയോടെ റേഷനിങ്ങ് തുടരുമെന്നാണ് ഇപ്പോൾ മുഖ്യമന്ത്രി കരുണാകരൻ അവകാശപ്പെടുന്നത്. എന്നാൽ നിലവിലുള്ള കൂലി നിരക്കുകളുടെ അടിസ്ഥാനത്തിൽ മാസംതോറും ശരാശരി 20 ദിവസം പണിയെടുക്കുന്ന ഒട്ടേറെ മേഖലകളിലെ കൂലിവേലക്കാരുടെ വരുമാനപോലും ഈ പരിധി കവിഞ്ഞുപോകുമെന്നാണ് സത്യം. ചുരുക്കത്തിൽ ചെറിയൊരു ന്യൂനപക്ഷത്തിനു മാത്രമേ ഇനി റേഷനിങ്ങ് സൗകര്യം ലഭിയ്ക്കുകയുള്ളു. ഈ നീക്കം വൻതോതിലുള്ള അഴിമതിക്കും കാരണമാകും.

കോട്ടയം: പെരിനാട് ..

6-ാം പേജിൽ നിന്നു തുടർച്ച

തുടർന്നുനടന്ന ചർച്ചയിൽ ഒട്ടേറെ പേർ പങ്കെടുത്തു. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ജാതി, സ്ത്രീ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പൊതുവിൽ അഭിനന്ദിക്കുന്നതോടൊപ്പം സ്ത്രീ വിമോചനത്തിൽ ജാതിവിരുദ്ധ സമരത്തിന്റെ പങ്ക് ഇനിയും സമൂർത്തവും സമഗ്രവുമായി വിശകലനം ചെയ്യേണ്ടതുണ്ട് എന്നും ചൂണ്ടികാട്ടപ്പെട്ടു. സിംപോസിയത്തെ തുടർന്ന് തിരുനക്കര മൈതാനിയിൽ നടന്ന പൊതുസമ്മേളനത്തിൽ അധഃസ്ഥിത നവോത്ഥാന മുന്നണി ദേശീയ കൺവീനർ കെ. എം. സലിംകുമാർ, അഡ്വ. സി. വി. ആന്റണി, കെ.സി. പി. ദേശീയ കൺവീനർ കെ. മുരളീധരൻ, കെ.സി.പി. കേന്ദ്ര സമിതി അംഗം എം. ഗീതാനന്ദൻ എന്നിവർ സംസാരിച്ചു.

'മുന്നണിപ്പട'

വാർഷികം — 12.00

അർദ്ധവാർഷികം — 6.00

ഏജൻസികൾക്ക് 25% കിഴിവ്

മണിഓർഡറുകൾ, ലേഖനങ്ങൾ, റിപ്പോർട്ടുകൾ അയക്കേണ്ടവിലാസം:

കെ. എസ് സുനിൽ
3/209, പുത്തൻ പുരയിൽവീട്,
സൗത്ത് ചിറ്റൂർ, കൊച്ചി—27.

കേരള കമ്മ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി എം. ഗീതാനന്ദൻ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതു്.
പത്രാധിപർ : കെ. മുരളീധരൻ, അച്ചടി : ചിത്തിര, എറണാകുളം